'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്,- ആസ്തി വികസനം - പയ്യന്നൂർ നിയോജകമണ്ഡലം - പേരൂർ വയൽ തോടിന് വി.സി.ബി നിർമ്മാണം-കറുമുണ്ട ഭാഗം' - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.3279/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/12/2018

---

പരാമർശം:- 1 സ.ഉ. (അച്ചടി) 332/12/ധന തീയതി 11/06/2012

2 സർക്കുലർ നം. 54/14/ധന തീയതി 3/6/2014

3 സ.ഉ(സാധാ)നം. 1975/2016/തസ്വഭവ തീയതി, 23.06.2016.

4 ശ്രീ.സി.കൃഷ്ണൻ എം.എൽ.എയുടെ 19.07.2018 ലെ കത്ത്

**ഉത്തരവ്**

പയ്യന്നൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കൃഷ്ണൻ എം.എൽ.എ യുടെ 2015-16 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾ പ്പെടുത്തി 'പേരൂർ വയൽ' തോടിന് വി.സി.ബി നിർമ്മാണം-കറുമുണ്ട ഭാഗം' എന്ന പ്രവൃത്തിക്ക് പരാമർശം (3) പ്രകാരം 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് 2017 - 18 വർഷത്തെ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ കൂടി വകയിരുത്തി 90 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം ബഹു.എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി. ടി പ്രവൃത്തിയ്ക്ക് 90 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കണ്ണൂർ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പയ്യന്നൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കൃഷ്ണൻ എം.എൽ.എ യുടെ 2015-16 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 'പേരൂർ വയൽ തോടിന് വി.സി.ബി നിർമ്മാണം-കറുമുണ്ട ഭാഗം' എന്ന പ്രവൃത്തിക്ക് 90 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ.സി.കൃഷ്ണൻ എം.എൽ.എ, പയ്യന്നൂർ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ , എൽ.എസ്.ജി.ഡി ഡിവിഷൻ , കണ്ണൂർ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത് നം. എൻ.സി.സി 3/29/2018/ധന തീയതി 26.09.2018)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ